# പ്രാർത്ഥന

**പാഠഭാഗം: 1 രാജാ 3:4 – 15**

മഹാനായ ദാവീദ് രാജാവിന്റെ മകൻ ശലോമോൻ രാജാവായി. അപ്പോൾ ബാല്യപ്രായം കഴിഞ്ഞതേയുള്ളൂ, യിസ്രായേൽ വലിയ ഒരു രാജ്യവും. തനിക്കു രാജ്യഭരണത്തിൽ വേണ്ടത്ര പരിചയമുണ്ടായിരുന്നില്ല. ശലോമോൻ ദൈവത്തെ ആരാധിപ്പാൻ പോയപ്പോൾ രാത്രിയിൽ ഒരു സ്വപ്നം കണ്ടു. ദൈവം ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് എന്തു വരം വേണമെങ്കിലും ചോദിച്ചുകൊള്ളുക എന്നു പറഞ്ഞു. നിങ്ങളാണെങ്കിൽ എന്തു ചോദിക്കും? ശലോമോന് ഒരുപാട് സ്വത്തും പണവും കീർത്തിയുമൊക്കെ ചോദിക്കാമായിരുന്നു. എങ്കിലും, അവൻ ചോദിച്ചത് "ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിനു ന്യായപാലനം ചെയ്യാനുള്ള വിവേകം" തരണമെന്നാണ്. ദൈവത്തിനു അതിഷ്ടമായി. അവൻ സ്വന്തം ആവശ്യങ്ങളൊന്നും ചോദിക്കാതെ, ദൈവവചനപ്രകാരം ചോദിച്ചതിനാൽ സമ്പത്തും കീർത്തിയും കൂടെ ദൈവം അവനു നൽകി.

**നാം എപ്പോഴും ദൈവത്തോട് ദൈവഹിതപ്രകാരം പ്രാർത്ഥിച്ചാൽ (ചോദിച്ചാൽ) ദൈവം നമുക്കാവശ്യമായതെല്ലാം തരും.**

# Prayer

**Bible Portion 1 Kings 3:4-15**

Solomon, the son of the renowned King David became King of Israel. He was just a youth but Israel was a big nation. He was not familiar with administration. While King Solomon was worshipping God, he had a dream. God appeared in the vision and told him to ask anything he wanted. If it were you what would you ask? Solomon could ask for wealth and money or fame but he asked god wisely "Lord give me an understanding to judge thy people." Because Solomon asked for wisdom to rule god's people instead of his own personal needs, God gave not only wisdom but wealth and other blessings also.

**When we ask god for anything according to His will, God will give us all what we need**

ചിത്രത്തിനു നിറം കൊടുക്കുക
Colour the picture



**കിരീടം കണ്ടെത്തി സുവർണ്ണനിറം നൽകൂ**
**Find the crown and give golden colour**

**മനഃപാഠവാക്യം** Memory Verse

**കൊലോസ്യർ 4: 2**
പ്രാർത്ഥനയിൽ ഉറ്റിരിപ്പീൻ;
സ്തോത്രത്തോടെ അതിൽ
ജാഗരിപ്പീൻ.




**Colossians 4: 2**
Continue in prayer
and watch in the same
with thanks giving.

**Learn the English Alphabet**

**I** ISAAC

